"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് -പത്തനംതിട്ട ജില്ല - പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം, ഡി.പി.സി സെക്രട്ടേറിയറ്റ് കെട്ടിടത്തിൽ പ്രവർത്തിയ്ക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ബി) വകുപ്പ്**

സ.ഉ.(സാധാ) നം.1096/2026/LSGD തീയതി,തിരുവനന്തപുരം, 05-06-2026

---

പരാമർശം 1. തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ 27.11.2025 ലെ LSGD/PD/36949/2025-GEB1 നമ്പർ കത്ത് കത്ത്

**ഉത്തരവ്**

പത്തനംതിട്ട ജില്ലാ ജോയിന്റ് ഡയറക്ടറുടെ കാര്യാലയം പ്രവർത്തിക്കുന്ന വാടകക്കെട്ടിടത്തിൽ എല്ലാ ജീവനക്കാർക്കും ഒന്നിച്ച് ജോലി ചെയ്യാൻ സാധിക്കാത്തതിനാൽ ടൗൺ പ്ലാനിംഗ്, ജില്ല എംപവർമെൻറ്, അസിസ്റ്റൻറ് ഡയറക്ടർ -1 എന്നീ വിഭാഗങ്ങൾ യഥാക്രമം മിനിസിവിൽ സ്റ്റേഷൻ, കളക്ടേറ്റ് എന്നീ കെട്ടിടങ്ങളിലാണ് പ്രവർത്തിക്കുന്നതെന്നും ഇതുമൂലം ഓഫീസിന്റെ സുഗമമായ പ്രർത്തനം തടസ്സപ്പെടുന്നുണ്ടെന്നും അതിനാൽ തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതമായ 4 കോടി 85 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ള ഡി.പി.സി. സെക്രട്ടേറിയറ്റ് കെട്ടിടത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടർ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി സ്ഥലം ലഭ്യമാക്കണമെന്ന പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടറുടെ അപേക്ഷ പരാമർശം (1) പ്രകാരം തദ്ദേശ സ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) കത്ത് പ്രകാരം പത്തനംതിട്ട ജില്ലാ ഓഫീസ് കെട്ടിടം നിർമ്മാണത്തിന് അനുയോജ്യമായ സ്ഥലം നാളിതുവരെ ലഭ്യമായിട്ടില്ലാത്തതിനാൽ നിലവിൽ ജോയിന്റ് ഡയറക്ടറുടെ കാര്യാലയത്തിന്റെ മാത്രം മാസവാടക 30,000/-രൂപയാണെന്നും, വാടകയിനത്തിൽ പ്രതിവർഷം 3,60,000/-രൂപ വീതം സർക്കാർ ഖജനാവിൽ നിന്ന് ചെലവഴിക്കേണ്ടതായി വരുന്നതായും, Allotment തുക ലഭ്യമാകുന്നതിലെ കാലതാമസം കാരണം ഭീമമായ തുക വാടക കുടിശ്ശികയ്ക്ക് കാരണമാകുന്നതിനാലും, തദ്ദേശസ്ഥാപനങ്ങളിൽ നിന്നുള്ള വിഹിതമായ 4 കോടി 85 ലക്ഷം രൂപ കൂടി ഉൾപ്പെടുത്തി നിർമ്മിച്ച് പ്രവർത്തനമാരംഭിച്ചിട്ടുള്ള ഡി.പി.സി. സെക്രട്ടേറിയറ്റ് കെട്ടിടത്തിൽ, ജില്ലാ ടൗൺ പ്ലാനിംഗ് വിഭാഗത്തിന് പ്രവർത്തിക്കുന്നതിനായി ഒരു നില അനുവദിച്ചിട്ടുള്ള സാഹചര്യത്തിൽ പ്രസ്തുത കെട്ടിടത്തിൽ തദ്ദേശ സ്വയംഭരണ വകുപ്പ് ജില്ലാ ജോയിന്റ് ഡയറക്ടറുടെ ഓഫീസ് പ്രവർത്തിപ്പിക്കുന്നതിനായി സ്ഥലം ലഭ്യമാകുന്നപക്ഷം നിലവിൽ മൂന്നു വിഭാഗങ്ങളായി പ്രവർത്തിക്കുന്ന ജോയിൻ്റ് ഡയറക്ടറുടെ കാര്യാലയം ഒരു കോമ്പൗണ്ടിൽ പ്രവർത്തിക്കുന്നതിനും സർക്കാർ ഖജനാവിൽ നിന്നും വാടകയിനത്തിൽ

ചെലവഴിക്കുന്ന തുക ഒഴിവാക്കുന്നതിനും സാധിക്കുന്നതാണെന്ന് തദ്ദേശസ്വയംഭരണ പ്രിൻസിപ്പൽ ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മേൽ റിപ്പോർട്ട് അംഗീകരിച്ചു കൊണ്ട് 1994 ലെ കേരള പഞ്ചായത്ത് രാജ് ആക്ട് അദ്ധ്യായം III ലെ വ്യവസ്ഥകൾ പ്രകാരം പത്തനംതിട്ട ജില്ല ജോയിന്റ് ഡയറക്ടറുടെ കാര്യാലയം പത്തനംതിട്ട ജില്ല, ഡി.പി.സി സെക്രട്ടേറിയറ്റ് കെട്ടിടത്തിൽ പ്രവർത്തിക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ടിങ്കു ബിസ്വാൾ

പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയം ഭരണ വകുപ്പ്, തിരുവനന്തപുരം
ജോയിന്റ് ഡയറക്ടർ, പത്തനംതിട്ട ജില്ല
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) തിരുവനന്തപുരം
ചീഫ് മിഷൻ ഡയറക്ടർ , ഇൻഫർമേഷൻ കേരള മിഷൻ.
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിങ്, ഐ & പി ആർ ഡി
കരുതൽ ഫയൽ (ഡി.ബി1/86/2026/എൽ.എസ്.ജി.ഡി)

ഉത്തരവിൻ പ്രകാരം

Signed by
Smitha L
സെക്ഷൻ ഓഫീസർ
Date: 06-06-2026 14:25:59